# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

07/07/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6058

## കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്രൊഡ്യൂസർ കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. പാലോട് രവി: | ഡോ. എം.കെ. മുനീർ.<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കുടുംബശ്രീ പ്രൊഡ്യൂസർ കമ്പനി രൂപവത്ക്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. എൻആർഎൽഎം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള സമഗ്ര പദ്ധതികളായ ആടുഗ്രാമം (കണ്ണൂർ), ക്ഷീരസാഗരം (ഇടുക്കി), സംഘകൃഷിയുമായി ബന്ധപ്പെട്ട് മലപ്പുറത്ത് നടപ്പാക്കി വരുന്ന രണ്ടു പദ്ധതികൾ, കാസർഗോഡ് നടപ്പാക്കിയ സഫലം കശുവണ്ടി പദ്ധതിയുടെ ഗുണഭോക്താക്കളെ ബോധവത്ക്കരിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ ഒരു പദ്ധതി എന്നിവ ഉൾപ്പെടെ 5 പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നതിനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഉത്പാദകരുടെ നേതൃത്വത്തിൽ ഉത്പാദനം മുതൽ വിപണനം വരെയുള്ള മൂല്യശൃംഖലയിൽ ഇടപാടുകൾ നടത്തുന്നതു മൂലം ഉത്പ്പന്നങ്ങൾ റീട്ടെയിൽ തലം വരെ എത്തിച്ച് ഉത്പാദകർക്ക് കൂടുതൽ വരുമാനം ഉറപ്പുവരുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ ഉത്പാദകരുടെ നേതൃത്വത്തിൽ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാനും ഉദ്ദേശിക്കുന്നു. |
| (സി) വിവിധ മേഖലയിലെ ഉല്പാദനം മുതൽ വിപണനം വരെയുള്ള ശൃംഖല ഏകോപിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ; | (സി) ഓരോ മേഖലയിലുമുള്ള പ്രൊഡ്യൂസർ കമ്പനി രൂപവത്ക്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. ഏതെല്ലാം തരത്തിലുള്ള ഇടപെടലുകൾ ഏതു കാലയളവിൽ ചെയ്യണമെന്ന് ഉല്പാദകരാണ് തീരുമാനിക്കുന്നത്. ഒരു പ്രൊമോട്ടിംഗ് ഏജൻസി എന്ന തരത്തിൽ വേണ്ട പരിശീലനങ്ങൾ, എക്സ്പോഷർ വിസിറ്റ് എന്നിവ സംഘടിപ്പിച്ച് ഉത്പാദകരെ ബോധവത്ക്കരിക്കുകയാണ് കുടുംബശ്രീ ചെയ്തു വരുന്നത്. |
| (ഡി) പദ്ധതിക്ക് നബാർഡ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) നബാർഡ് ഗ്രാന്റ്/സപ്പോർട്ട്, കുറഞ്ഞ പലിശയിൽ ലോൺ എന്നിവയാണ് നൽകുക. ഓരോ മേഖലയിലുമുള്ള ബിസിനസ് പ്ലാനിന്റെ പ്രത്യേക അപ്രൂവലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നബാർഡ് സഹായങ്ങൾ ലഭ്യമാക്കുക. |

സെക്ഷൻ ഓഫീസർ